ഭാഗമായിട്ടുള്ള പരിപാടികളും കർഷകരെക്കൊണ്ട് നടത്തിയിരുന്നു. 1985-86-ൽ 73,775 രൂപ ചെലവഴിച്ചു. മാർച്ച് അവസാനം പണി പൂർത്തിയാകാത്തതുകൊണ്ടാണ് കൃത്യസമയത്ത് പണം കൊടുക്കാൻ കഴിയാതിരുന്നത്. നടപ്പു സാമ്പത്തികവർഷം പ്രസ്തുത പദ്ധതി മറ്റൊരു ബൃഹത് പദ്ധതിയുമായി ലയിപ്പിച്ച് നടപ്പിലാക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളതുകൊണ്ടാണ് പണം കൊടുത്തുതീർക്കാൻ കഴിയാത്തത്. അതിന് ഉടൻ അനുവാദം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അനുവാദം കിട്ടിയാൽ പണി ആരംഭിക്കുകയും മുൻവർഷത്തെ സഹായധനകുടിശ്ശിക ഒട്ടും കാലതാമസം കൂടാതെ കൊടുത്തുതീർക്കുന്നതുമാണ്. അതിനുവേണ്ടി പ്രത്യേക നിർദ്ദേശങ്ങളും പാലക്കാട് ജില്ല കൃഷി ജോയിന്റ് ഡയറക്ടർക്ക് നൽകി കഴിഞ്ഞു.

(14) ചുമട്ടു തൊഴിലാളി നിയമം നടപ്പാക്കാൻ നടപടി

ശ്രീ. എം. വി. രാഘവൻ : സർ, ചുമട്ടുതൊഴിലാളി നിയമം പാസ്സാക്കിയിട്ട് വർഷങ്ങളും കഴിഞ്ഞു. അത് നടപ്പിലാക്കിയാൽ എന്താണ് തടസ്സം എന്ന് അറിയുകയില്ല. നേരത്തേ റൂൾ 62-ന് മറുപടി പറഞ്ഞപ്പോഴും സ്റ്റാഫ് ഇല്ലെന്നു പറഞ്ഞു. അങ്ങനെ പറഞ്ഞ് ഒഴിഞ്ഞുമാറാൻ പറ്റുകയില്ല. ഇന്ന് ചുമട്ടുതൊഴിലാളികളും ഈ രാജ്യത്ത് ഏറ്റവുമധികം അധിക്ഷേപിക്കപ്പെടുകയാണ്. തൊഴിലാളികളല്ല കുറ്റക്കാർ. തൊഴിലാളികൾ ജനങ്ങളെ ദ്രോഹിക്കുന്നു എന്ന് തൊഴിലാളികളെപ്പറ്റി ജനങ്ങൾക്ക് പരാതിയുണ്ട്. അങ്ങനെ ജനങ്ങൾ പറയുന്നതിൽ സത്യമുണ്ട്. വളരെയധികം സംഖ്യ ജനങ്ങളിൽ നിന്ന് ഈടാക്കിയിട്ട് കങ്കാണിമാരെപോലെ നടക്കുന്ന ട്രേഡ് യൂണിയൻ ഉണ്ട് എന്ന് പറയുന്നതിൽ ഞാൻ ലജ്ജിക്കുകയാണ്. അങ്ങനെയുള്ള ട്രേഡ് യൂണിയൻ നേതാക്കൻമാർ തൊഴിലാളികളെ ഞെക്കിപ്പിഴിഞ്ഞ് സ്വത്ത് സമ്പാദിക്കുകയാണ്. അതിന്റെ ഫലമായി തൊഴിലാളികൾ ദ്രോഹികളാണെന്ന തോന്നൽ ജനങ്ങൾക്ക് ഉണ്ടാകുകയാണ്. കങ്കാണിമാരെപ്പോലെ പെരുമാറുന്ന തൊഴിലാളി നേതാക്കൻമാരും ട്രേഡ് യൂണിയൻ നേതാക്കൻമാരും യഥാർത്ഥത്തിൽ ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കുന്നതിന് എതിരാണ്. നേരത്തെ മന്ത്രി സൂചിപ്പിച്ചു ട്രേഡ് യൂണിയനുകൾ ഒന്നും ആവശ്യപ്പെടുന്നില്ല എന്ന്. അവർ ആവശ്യപ്പെടുകയില്ല. ആ ട്രേഡ് യൂണിയനിലുള്ള ചില ആളുകൾ പണ്ട് അടിമവേല ചെയ്യിക്കാൻ തോട്ടം തൊഴിലാളികളെ കൊണ്ടു പോയതുപോലെ പാവപ്പെട്ട ചുമട്ടുതൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുകയാണ്.

മഹാനായ കാറൽ മാർക്സ് 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' യിൽ ലോകത്തെ തൊഴിലാളി വർഗ്ഗത്തോട് പറഞ്ഞു, 'നിങ്ങൾക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല, കിട്ടാനുള്ളത് ലോകം' എന്ന്. നഷ്ടപ്പെടാൻ അടിമത്വച്ചങ്ങല മാത്രമേയുള്ളു, കിട്ടാനുള്ളത് ലോകം എന്നാണ്. ആ തത്വസംഹിത വിശ്വസിക്കുന്നു എന്ന് പറഞ്ഞിട്ട് കാറുകളും ലോറികളും വാഹനങ്ങളും സമ്പാദിച്ച് മുതലാളിയായി ചമഞ്ഞുനടക്കുന്ന ട്രേഡ് യൂണിയൻ മുതലാളിമാർ, അല്ലെങ്കിൽ കങ്കാണിമാരിൽ നിന്ന് ഈ രാജ്യത്തെ തൊഴിലാളികളെ രക്ഷിക്കണം. ഈ നിയമസഭ പാസ്സാക്കിയ ഒരു നിയമമാണ്. അത് നടപ്പിൽ വരുത്താൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഗവൺമെന്റ് ഇത് നടപ്പിൽ വരുത്തണമെന്ന് ഞാൻ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാറൽ മാർക്സ് എഴുതിയിട്ടുള്ള 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' യുടെ മുഖചിത്രത്തിൽ അരിവാളും ചുറ്റികയും പിടിച്ചിട്ടുള്ള രണ്ട് തൊഴിലാളികളുടെ ചിത്രമുണ്ട്. അടിമത്തച്ചങ്ങല പൊട്ടിക്കുന്ന തൊഴിലാളികളെയാണ് അത് കാണിക്കുന്നത്. അതല്ല ഇവിടെ നടക്കുന്നതെന്ന് രാഘവൻ സൂചിപ്പിച്ചപ്പോഴും എനിക്ക് സമ്മതിക്കാതിരിക്കാൻ നിർവ്വാഹമില്ല. കേരളത്തിൽ ഒട്ടാകെ, അതായത് തിരുവനന്തപുരം ജില്ലയിൽ ചാലബസാറിൽ ഒരു പരീക്ഷണാർത്ഥം 3839 വാർഡുകളിൽ 16-6-1986 മുതൽ ഇത് നടപ്പിലാക്കി. പിന്നീട് തിരുവനന്തപുരം കോർപ്പറേഷൻ ഏരിയാ മുഴുവനും തൃക്കാക്കര സൗത്ത്, കാട്ടാക്കട, പൂവച്ചൽ എന്നീ പ്രദേശങ്ങളിലും നടപ്പിലാക്കി. അതിനുശേഷം തൃശ്ശൂരിൽ 14-5-1986-ലും എറണാകുളത്ത് 8-10-1985-ലും ഈ പദ്ധതി നടപ്പിലാക്കി. കോഴിക്കോട്, കണ്ണൂർ, പാലക്കട്, കോട്ടയം, ചങ്ങനാശ്ശേരി, തൊടുപുഴ, ആലപ്പുഴ, കൊല്ലം, ചേർത്തല, പുനലൂർ, പത്തനംതിട്ട എന്നീ പട്ടണങ്ങളിൽ 1988 ഫെബ്രുവരി മാസം മുതൽ ഇത് നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് നടപ്പിലാക്കി എല്ലാ സ്ഥലങ്ങളിലും ലോക്കൽ കമ്മിറ്റികളും ഉണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത ഓഫീസുകളിൽ 67 പേരെ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതിനുശേഷം നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിടുന്നതാണ് ഉചിതമെന്ന രീതിയിൽ അഭിപ്രായമുണ്ടായി. അതിനുശേഷം ക്യാബിനറ്റ് ഇതിന്റെ നിയമനങ്ങൾ മുഴുവൻ പി. എസ്. സി.ക്ക് വിടണമെന്നും എന്നാൽ അതിൽ എമേർജ്ജിംഗ് ലെജിസ്ലേഷൻ ഉണ്ടായാൽ മാത്രമേ പി എസ്. സി.ക്ക് നിയമനം നടത്താൻ സാധിക്കുകയുള്ളൂ എന്നും പറഞ്ഞു. ഇത് അത്യാവശ്യമായതുകൊണ്ട് മെമ്പർ സൂചിപ്പിച്ചതുപോലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ക്യാബിനറ്റ് അംഗീകരിച്ച രീതി അനുസരിച്ച് നിയമിക്കണമെന്ന് പറയുകയുണ്ടായി. അതനുസരിച്ച് ചീഫ് എക്സിക്യൂട്ടീവിനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്താൻ നിർദ്ദേശമുണ്ടായി. എട്ടാം മാസം 30-ാം തീയതി ഈ ലിസ്റ്റ് വരേണ്ടതായിരുന്നു. എന്നാൽ 25-ാം തീയതിതന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തയ്യാറാക്കിയിട്ടില്ലാത്ത ഒരു ലിസ്റ്റിൽ അഴിമതിയുണ്ടെന്ന് പത്രങ്ങളിൽ പ്രചരണം നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആവശ്യമില്ലാതെ ഇങ്ങനെ ഒരു ആരോപണത്തിന് സാഹചര്യം ഉണ്ടാക്കി രാഷ്ട്രീയ അന്തരീക്ഷം സൃഷ്ടിക്കേണ്ട എന്നു വിചാരിച്ചു; അങ്ങനെ നിയമനം നടത്തേണ്ട എന്നു തീരുമാനിച്ചു. അതുകൊണ്ടാണ് മെമ്പർ സൂചിപ്പിച്ച പ്രത്യേക സ്ഥിതി വന്നത്. ഇത് അദ്ദേഹം കറക്ടായിട്ട് പറഞ്ഞു. ജില്ല തലസ്ഥാനങ്ങളിൽ ഇത് നടപ്പിലാക്കണമെന്ന് ഒറ്റ ട്രേഡ് യൂണിയനും ആവശ്യപ്പെട്ടിട്ടില്ല. ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഈ റൂൾ അമെൻഡ് ചെയ്ത് സർക്കാർ ഉദ്യോഗസ്ഥന്മാരെ ഡെപ്യൂട്ടേഷൻ വഴി വരുത്തി ഇത് നടപ്പിലാക്കാനുള്ള നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്. റൂൾ അമെൻഡ് ചെയ്താലുടൻ ഇത് നടപ്പിലാക്കുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. റൂൾ 304 അനുസരിച്ചാണ് ബഹുമാനപ്പെട്ട എം. വി. രാഘവൻ ഒരു സബ്മിഷൻ ഉന്നയിച്ചത്. ആ സബ്മിഷൻ ഉന്നയിച്ചുകൊണ്ട് കേരളത്തിലുള്ള എല്ലാ തൊഴിലാളി സംഘടനകളേയും തൊഴിലാളി നേതാക്കൻമാരേയും കണക്കാണിമാരെന്ന് ആക്ഷേപിക്കുന്ന തരത്തിൽ പറയുന്നത് ഓർഡറിലാണോ, അത്തരം പരാമർശം ശരിയാണോ, അത് നീക്കം ചെയ്യണമെന്ന്, അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അതിൽ പോയിന്റ് ഓഫ് ഓർഡറില്ല.

LIBRARY ARCHIVES Kerala Legislative Assembly